**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 05/01/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC1/2021/EXCISE**

വിഷയം: എക്സൈസ് ഭരണപരം - എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണം നടത്തുന്നതിനായി കൈമാറുന്ന കേസ് ഫയലുകളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് - മാർഗനിർദേശം - സംബന്ധിച്ച്

സൂചന: 1. 19.08.2019 ലെ സ .ഉ.(കൈ)നം.46/2019/നി.വ നമ്പർ സർക്കാർ ഉത്തരവ്.
2. എക്സൈസ് ക്രൈം ബ്രാഞ്ച് ജോയിന്റ് എക്സൈസ് കമ്മീഷണറുടെ 17.12.2020 ലെ EXBHQ-06/2020 നമ്പർ കത്ത്

എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിൽ കണ്ടെടുക്കുന്ന മേജർ കേസുകൾ തുടർ അന്വേഷണത്തിനായി എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറുമ്പോൾ ആയതിൽ താഴെപറയും പ്രകാരമുള്ള ന്യൂനതകൾ കാണപ്പെടുന്നതായി എക്സൈസ് ക്രൈം ബ്രാഞ്ച് ജോയിന്റ് എക്സൈസ് കമ്മീഷണർ സൂചന **(2)** കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**1.** അന്വേഷണത്തിനായി കേസ് ഫയൽ ക്രൈം ബ്രാഞ്ചിന് കൈമാറുന്നതുവരെ ബഹു . സുപ്രീം കോടതി ഉത്തരവിനു വിരുദ്ധമായി സമയബന്ധിതമായി അന്വേഷണ നടപടികൾ സ്വീകരിക്കാതെ കേസ് കണ്ടെടുത്ത ഉദ്യോഗസ്ഥർ തന്നെ ഫയൽ കൈവശം സൂക്ഷിക്കുന്നു.

**2.** കേസന്വേഷണവുമായി ബന്ധപ്പെട്ട് പ്രാഥമികമായി ശേഖരിക്കേണ്ട തെളിവുകളും മൊഴികളും ഉൾപ്പെടെയുള്ള

അനുബന്ധ രേഖകൾ ശേഖരിക്കാതിരിക്കുന്നത് പിന്നീട് അവ ലഭിക്കുന്നതിനുള്ള സാഹചര്യം നഷ്ടപ്പെടുത്തുകയും ആയത് കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

**3.** ആദ്യ റിമാന്റ് കാലാവധിക്കുള്ളിൽ പ്രതിയെ കസ്റ്റഡിയിൽ വാങ്ങാത്തതിനാൽ പിന്നീട് അതിനുള്ള അവസരം നഷ്ടപ്പെടുകയും ആയത് പ്രതികളുമായി ചേർന്ന് നേരിട്ട് തെളിവ് എടുക്കുന്നതിനുള്ള അവസരം ഇല്ലാതാക്കുകയും ചെയ്യുന്നു.

ക്രൈം ബ്രാഞ്ച് അന്വേഷണം ആവശ്യമെന്നു തോന്നുന്ന കേസുകളായാലും, ക്രൈം ബ്രാഞ്ച് ഏറ്റെടുക്കാൻ ഉത്തരവിനായി അപേക്ഷിച്ചിട്ടുള്ള കേസുകളായാലും , ക്രൈം ബ്രാഞ്ച് ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ള കേസുകളായാലും , കേസ് ഫയൽ ക്രൈം ബ്രാഞ്ചിനു കൈമാറുന്നതിനു മുമ്പായി കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് പ്രാഥമികമായി ചെയ്തിരിക്കേണ്ട കാര്യങ്ങൾ കേസ് ഫയൽ കൈവശമുള്ള ഉദ്യോഗസ്ഥൻ അടിയന്തിരമായി ചെയ്തിരിക്കേണ്ടതും താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതുമാണ്.

1. ഒരു കേസ് ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് ശുപാർശ ചെയ്യണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുകയോ, അതിനായുള്ള അപേക്ഷ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അയക്കുകയോ ചെയ്താലും, കൈമാറ്റം ചെയ്യാനുള്ള ഉത്തരവ് കിട്ടി കേസ് ഫയൽ ക്രൈം ബ്രാഞ്ചിന് കൈമാറുന്നതുവരെയും ആ കേസിന്റെ അന്വേഷണം, അന്വേഷണ ഉദ്യോഗസ്ഥന്റെയും അന്വേഷണ മേൽനോട്ടം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വരെയുള്ള മേലുദ്യോഗസ്ഥരുടെയും ചുമതലയായിരിക്കും.

2. ഒരു കേസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി

ട്രാൻസ്ഫർ ചെയ്തുകൊണ്ട് ഉത്തരവായാൽ ആയതിന്റെ **48** മണിക്കൂറിനുള്ളിൽ കേസ് ഫയൽ കൈമാറ്റം ചെയ്യുന്ന സമയം വരെയുള്ള അന്വേഷണ നടപടികൾ പൂർത്തിയാക്കി കേസ് ഡയറി എഴുതി പേജ് നമ്പരിട്ട് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

3. ഒരു കേസ് ഫയലും ക്രൈം ബ്രാഞ്ചിലേക്ക് ട്രാൻസ്ഫർ ചെയ്യണം എന്ന ഉദ്ദേശത്തോടെ പ്രാഥമിക അന്വേഷണ നടപടികളായ സിഡിആർ ശേഖരിക്കൽ, കസ്റ്റഡി അപേക്ഷ സമർപ്പിക്കൽ , സാമ്പിൾ ശേഖരിക്കുക, കെമിക്കൽ പരിശോധനയ്ക്കുള്ള അപേക്ഷ നൽകുക എന്നീ നടപടികൾ ചെയ്യാതെ സൂക്ഷിച്ച് അന്വേഷണത്തെ തടസ്സപ്പെടുത്താൻ പാടുള്ളതല്ല.

4. ഉത്തരവ് ലഭിച്ച് സിഡി ഫയൽ കൈമാറ്റത്തിനുള്ളിൽ കസ്റ്റഡി അപേക്ഷ, റിമാന്റ് എക്സ്റ്റൻഷൻ തുടങ്ങിയ നിയമപരമായി ഒഴിച്ചുകൂടാനാകാത്ത കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെങ്കിൽ അവ സമയബന്ധിതമായി യഥാവിധി ചെയ്യേണ്ടതാണ്.

അന്വേഷണത്തിനായി സി.ഡി.ഫയൽ സ്വീകരിക്കുന്ന ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥൻ സി.ഡി.ഫയൽ പരിശോധിക്കേണ്ടതും മേൽ പരാമർശിച്ച പ്രകാരമുള്ള വീഴ്ചകൾ ഉണ്ടെങ്കിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ ക്രൈം ബ്രാഞ്ച് മുഖേന എക്സൈസ് കമ്മീഷണർക്ക് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

എക്സൈസ് കമ്മീഷണർ

ഗ്രാഹകർ

1. അഡീ.എക്സൈസ് കമ്മീഷണർ (ഭരണം/എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. പ്രിൻസിപ്പാൾ, SEARC, തൃശ്ശൂർ
4. ജോയിന്റ് എക്സൈസ് കമ്മീഷണർ/ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/അസി. എക്സൈസ് കമ്മീഷണർ/എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ/എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
5. എക്സൈസ് കമ്മീഷണറുടെ സി.എ
6. ഉത്തരവ് ഫയൽ/കരുതൽ ഫയൽ

ജെ.എം.

S. AANANTHAKRISHNAN IPS

Signature valid

Digitally signed by AANANTHAKRISHNAN S
Date: 2021.01.05 13:11:02 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**